ത്വരിത വ്യവസായ വികസനം

200 (567) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ രംഗത്ത് വളർച്ച കൈവരിക്കുവാൻ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കാമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ വഴി മൂല്യവർദ്ധിത ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) പൊതുമേഖലാസ്ഥാപനങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി നൂതന സാങ്കേതികവിദ്യ നടപ്പിലാക്കൽ, ഉല്പാദന സൗകര്യങ്ങളുടെ വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപണന മേഖലയുടെ വിപുലീകരണം, ഓൺലൈൻ വ്യാപാരം എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇ-പേമെന്റ് സംവിധാനത്തോടുകൂടിയ ഇ-പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കിയതുവഴി ഇടപാടുകളിൽ കൂടുതൽ സുതാര്യതയും മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദനസംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതോടൊപ്പം തന്നെ വിപണി വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

നൂതനമായ സാങ്കേതികവിദ്യകൾ നടപ്പിലാക്കുക മുഖേന ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണത്തിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുന്നതിനും കാലപ്പഴക്കം ചെന്ന മെഷിനറികളുടെ നവീകരണം നടപ്പിലാക്കിയും സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മാവൂർ ഗ്രാസിം കമ്പനി പ്രവർത്തിച്ചുവന്ന ഭൂമി

201 (568) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001- ൽ അടച്ചുപൂട്ടിയ കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാസിം കമ്പനി പ്രവർത്തിച്ചുവന്ന ഭൂമിയുടെ അവകാശം നിലവിൽ ആർക്കാണെന്ന് അറിയിക്കുമോ ; പ്രസ്തുത ഭൂമിയുടെ അളവും ബാധ്യതകളും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഗ്രാസിം കമ്പനി പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി നിർദ്ദേശിച്ച ഏതെങ്കിലും പദ്ധതി പ്രാവർത്തികമാക്കാവുന്നതാണോ ; പ്രസ്തുത ഭൂമിയേയും പദ്ധതി നിർദ്ദേശങ്ങളേയും സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ ;

(സി) പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള എന്തെങ്കിലും പുതിയ പദ്ധതിക്ക് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാസിം കമ്പനി പ്രവർത്തിച്ചുവന്ന ഭൂമിയുടെ അവകാശം നിലവിൽ ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡിനാണ്. 1960-1977 കാലയളവിൽ വ്യവസായ ആവശ്യത്തിനുവേണ്ടി സർക്കാർ 238.41 ഏക്കർ ഭൂമി ഗ്രാസിം കമ്പനിക്കുവേണ്ടി അക്വയർ ചെയ്തുനൽകിയിട്ടുള്ളതുൾപ്പെടെ മൊത്തം 320.78 ഏക്കർ ഭൂമി ഗ്രാസിം കമ്പനിയുടെ കൈവശത്തിലുണ്ട്.

(ബി&സി) ഗ്രാസിം കമ്പനി പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച പദ്ധതികളൊന്നുംതന്നെ പ്രാവർത്തിക യോഗ്യമായിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 17-9-2015-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് യോജിച്ചതും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതും പെട്ടെന്ന് നടപ്പിൽവരുത്താവുന്നതുമായ ഒന്നോ രണ്ടോ പ്രവർത്തനയോഗ്യമായ

LIBRARY ARCHIVES Kerala Legislative Assembly